**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3943** **17-03-2025 - ൽ മറുപടിയ്ക്ക്**

**ജങ്ക് ഫുഡുകൾ നിയന്ത്രിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ജീവിതശൈലി രോഗ നിയന്ത്രണത്തിന്റെ ഭാഗമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കടുത്തുള്ള കടകളിൽ ജങ്ക് ഫുഡുകൾ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | ജങ്ക് ഫുഡുകൾ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപത്തുള്ള കടകളിൽ നിയന്ത്രിക്കുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തിയ IEC പ്രവർത്തനങ്ങളുടെ ഭാഗമായി Business Operatorമാർക്ക് ബോധവത്കരണ പരിപാടികൾ നൽകിയിരുന്നു. ഇതിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ 'നിറമല്ല രുചി' എന്ന Campaign ഭക്ഷ്യ സുരക്ഷാ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ജീവിത ശൈലീ രോഗങ്ങൾ തടയുന്നതിനും ജങ്ക് ഫുഡുകളുടെ ഉപയോഗം കുറക്കുന്നതിനുമായി മലപ്പുറം ജില്ലയിൽ 'നെല്ലിക്ക' എന്ന പദ്ധതിയും ഭക്ഷ്യ സുരക്ഷാ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. അതോടൊപ്പം തന്നെ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ജങ്ക് ഫുഡിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് കൃത്യമായ വിവരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് വഴിയും നൽകി വരുന്നുണ്ട്. സ്കൂൾ കാന്റീനുകളിൽ ജങ്ക് ഫുഡ് വിതരണം ചെയ്യരുത് എന്നുള്ള നിർദ്ദേശം വിദ്യാഭ്യാസ വകുപ്പിന് നൽകിയിട്ടുമുണ്ട്. |
| (ബി) | ജങ്ക് ഫുഡുകൾ മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച മുന്നറിയിപ്പുകൾ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രദർശിപ്പിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ബി) | ജങ്ക് ഫുഡുകൾ മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച മുന്നറിയിപ്പുകൾ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രദർശിപ്പിക്കുന്നുണ്ട്. കൂടാതെ Social media, Print media വഴിയും Junk Food കളുടെ ഉപയോഗം പരിമിതപ്പെടുത്തുന്നതിനും Junk Food കളുടെ ദോഷവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്കായുള്ള ബോധവത്കരണവും ഭക്ഷ്യ സുരക്ഷാ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. അതു കൂടാതെ വൊക്കേഷണൽ ഹയർ സെക്കൻഡറി, ഹയർ സെക്കൻഡറി സ്കൂളുകളിലെ എൻ.എസ്.എസ് വിഭാഗവുമായി ചേർന്നുകൊണ്ട് ജങ്ക് ഫുഡിനെതിരെയുള്ള ആരോഗ്യ ബോധവൽക്കരണ പരിപാടി ആരോഗ്യ വകുപ്പ് നടത്തി വരുന്നു. സ്കൂളിലെ ഹെൽത്ത് ക്ലബ്ബുകൾ മുഖേനയും എൻ.സി.സി, |

| | | | |
|---|---|---|---|
| | | | എസ്.പി.സി, സ്കൗട്ട് & ഗൈഡ് തുടങ്ങിയ യൂണിറ്റുകളിലൂടെയും വ്യായാമത്തെക്കുറിച്ചും ഭക്ഷണ രീതിയെക്കുറിച്ചുമുള്ള ബോധവൽക്കരണവും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ